# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിങ്ങര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 4 - 251/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 11/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 4 - 251/2022 തീയ്യതി: 11/03/2022

## പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2018 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-02-2022 | 24-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 24-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.എം.ഹരികുമാർ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ആശ എം.കുരുവിള, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഏലിയാമ്മ തോമസ് | പ്രസിഡന്റ് | 01-04-2019 | 05-08-2019 |
| ശ്രീ.രാജൻ വർഗ്ഗീസ് | പ്രസിഡന്റ് | 06-08-2019 | 29-08-2019 |
| ശ്രീമതി മിനിമോൾ ജോസ് | പ്രസിഡന്റ് | 30-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിനോയി എം.ജി. | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ രവികുമാരൻ തമ്പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 10-10-2019 |
| ശ്രീ മാർട്ടിൻ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-10-2019 | 31-03-2020 |
| ശ്രീ അലി അക്ബർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രശ്മി ജയരാജൻ | കൃഷി ഓഫീസർ | 01-04-2019 | 28-09-2019 |
| ശ്രീമതി ലിനി ജേക്കബ് | കൃഷി ഓഫീസർ | 29-09-2019 | 31-03-2020 |
| ഡോ.ധന്യ ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ISM) | 01-04-2019 | 16-12-2019 |
| ഡോ.ജിസ് മേരി | മെഡിക്കൽ ഓഫീസർ (ISM) | 17-12-2019 | 31-03-2020 |
| ഡോ.ജോൺ പി.ജേക്കബ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.പ്രീത സി പിള്ള | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സുനിതകുമാരി ആർ | മെഡിക്കൽ ഓഫീസർ (CHC) | 01-04-2019 | 31-03-2020 |
| ശ്രീമതി സീന | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 05-12-2019 |
| ശ്രീമതി ഗിരിജകുമാരി | ഐസിഡിഎസ് സൂപ്പർവൈസർ | 06-12-2019 | 31-03-2020 |
| ശ്രീമതി കലാകുമാരി | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദുദേവി ജി | ക്ഷീര വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ രാജേന്ദ്രൻ പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം- അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 26-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 1-7 |
| 9 | കാഷ് ബാലൻസ് പരിശോധന<br>Written By: Asha M Kuruvilla (Auditor, On 10-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: C. Anilkumar (Audit Officer, On 25-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-10 |
| 12 | തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-11 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-12 |
| 14 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 25-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 1-13 |
| 15 | സ്കൂൾ മേൽക്കൂരയിൽ നിന്നും ഇളക്കി മാറ്റിയ പഴയ കഴുക്കോൽ, പട്ടിക,ഓട് എന്നിവ ലേലം ചെയ്തിട്ടില്ല<br>Written By: C. Anilkumar (Audit Officer, On 25-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-14 |
| 16 | നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-15 |

| | | |
|---|---|---|
| | Written By: C. Anilkumar (Audit Officer, On 25-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | |
| 17 | കാലി ബാരൽ വിലയും ജി.എസ്.ടിയും ബന്ധപ്പെട്ട കരാറുകാർ തിരികെ ഒടുക്കി<br>Written By: C. Anilkumar (Audit Officer, On 25-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-16 |
| 18 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: C. Anilkumar (Audit Officer, On 25-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-17 |
| 19 | പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 18.92ലക്ഷം രൂപ<br>Written By: Asha M Kuruvilla (Auditor, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 1-18 |
| 20 | ABC പ്രോഗ്രാം - പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് നടക്കുന്നില്ല<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 1-19 |
| 21 | നിക്ഷേപ പ്രവൃത്തികൾ - മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 09-03-2022) | 1-20 |
| 22 | ബാലസഭാ ഫണ്ട് ഉപയോഗിച്ച് അവാർഡ് വിതരണം നടത്തി<br>Written By: P Anilkumar (Senior Grade Auditor, On 26-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 23-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 21-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 11-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M Harikumar (Asst. Audit Officer, On 24-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 10-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 25.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 27.03.2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

സ്ഥാപനത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി3 : Capital Contribution – മുൻവർഷത്തെ തുകതന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2. വിവിധ ഫണ്ടുകളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വാർഷിക കണക്കിൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | തുക |
|---|---|---|
| വികസന ഫണ്ട് – ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 95558 |
| വികസന ഫണ്ട് – എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14706 |
| വികസന ഫണ്ട് – ജനറൽ | വെള്ളക്കരം | 1647 |
| വികസന ഫണ്ട് – ജനറൽ | വൈദ്യുതി കുടിശ്ശിക | 892 |
| വികസന ഫണ്ട് – ജനറൽ | അങ്കണവാടി<br>അധിക വേതനം | 15600 |

3. ഷെഡ്യൂൾ ബി5: Secured Loan From KURDFC – ലോൺ തുകയായ 4,89,719 രൂപയിൽ 2019-20 സാമ്പത്തിക വർഷത്തിൽ 2,05,882 രൂപ സ്രോതസ്സിൽ നിന്നും റിക്കവറി നടത്തിയിട്ടുണ്ട്. എന്നാൽ ലോൺ ഹെഡിൽ തിരിച്ചടച്ച തുക അക്കൗണ്ട് ചെയ്തിട്ടില്ല. വാർഷിക കണക്കിൽ നിലവിൽ 4,89,719 രൂപ തന്നെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു.

4. വസ്തു നികുതി - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. വാടക - വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ, രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6. ഷെഡ്യൂൾ ബി-18 : വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs.34,06,000.00

Depoist With KSEB - Rs.42,09,102.00

7.ഷെഡ്യൂൾ I-6 & I-14(a) : MG-NREGA - ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

8. ഷെഡ്യൂൾ B-11 : Fixed Assets - പഞ്ചായത്ത് വക വാഹനം അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ഷെഡ്യൂൾ ബി4: Contributions For Joint Venture Projects – From Block Panchayat - നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

10. ഷെഡ്യൂൾ ബി4: Contributions For Joint Venture Projects – From District Panchayat - നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19966070 |
| ഓഡിറ്റ് വർഷത്തെ വരവ് | 479515617 |
| ആകെ വരവ് | 67917637 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 44066657 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,38,50,980 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 19481000 | 19481000 | 9280307 | 1899277 | 8301416 |
| വികസന ഫണ്ട്- എസ്.സി.പി | ,, | 6461000 | 6461000 | 2076960 | 222385 | 4161655 |
| വികസന ഫണ്ട്- ടി.എസ്.പി | ,, | 79000 | 79000 | -- | -- | 79000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | Xx | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ഇല്ല | 8901194 | 8901194 | 6667596 | 693300 | 1540298 |
| മെയിന്റനൻസ്, റോഡ് | ,, | 10757000 | 10757000 | 4213693 | 2693682 | 3849625 |
| മെയിന്റനൻസ്, നോൺ-റോഡ് | ,, | 3425000 | 3425000 | 2451288 | -- | 973712 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 21443 | 738 | 22181 | -- | -- | 22181 |
| ശുചിത്വ മിഷൻ | 1957904 | 144000 | 2101904 | 174000 | -- | 1927904 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 960283 | 642350 | 1602633 | 41575 | -- | 1561058 |
| എം.ജി.എൻ. ആർ.ജി.എസ് | 85201 | 1732964 | 1818165 | 1039284 | -- | 778881 |
| പൈക്ക | 101992 | -- | 101992 | -- | -- | 101992 |

## 1-4-1 ഗ്രാന്റ് വിനിയോഗം- അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട് – ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 191176 | 95588 |
| വികസന ഫണ്ട് – എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14706 | 14706 |
| വികസന ഫണ്ട് – ജനറൽ | വെള്ളക്കരം | 3294 | 3294 |
| വികസന ഫണ്ട് – ജനറൽ | വൈദ്യുതി കുടിശ്ശിക | 892 | 892 |
| വികസന ഫണ്ട് – ജനറൽ | അങ്കണവാടി അധിക വേതനം | 15600 | 15600 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 175 | 81098596 | 76 | 27231970 | 99 | 43.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 85201 | 1732964 | 1818165 | 1039284 | 778881 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 17822699 | 17822699 | 17822699 | 0 |
| ആകെ | 85201 | 19555663 | 19640864 | 18861983 | 778881 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 38,75,400 | 660 |
| വിധവാപെൻഷൻ | 39,71,400 | 703 |
| വാർദ്ധക്യകാല പെൻഷൻ | 88,68,000 | 1556 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 13,71,900 | 250 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1,69,200 | 31 |
| തൊഴിൽരഹിത വേതനം | 12,360 | 12 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2022 03.30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,959 (പതിനയ്യായിരത്തി തൊള്ളായിരത്തി അൻപത്തി ഒൻപത്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന കാര്യങ്ങളിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.

(1) സംയുക്ത പരിശോധന

കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താത്തതിനാൽ ഉപയോഗ യോഗ്യമല്ലാത്ത വാട്ടർ ടാപ്പുകൾക്കും വാട്ടർ ചാർജ് ഒടുക്കേണ്ടി വരുന്നു. ആയതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(2) കരാർ ചമയ്ക്കൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. ആയതിന് വേണ്ട നിർദ്ദേശം ഭരണ സമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/2017 | 2012-13 മുതൽ 2016-17 വരെ | 31-10-2017 |
| പെർഫോമൻസ് ഓഡിറ്റ് | 21-10-2019 മുതൽ 23-10-2019 വരെ | 04/2019 മുതൽ 09/2019 വരെ | 23-10-2019 |

## 1-11 തൊഴിൽനികുതി സംബന്ധിച്ച അപാകതകൾ

2019-20 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(എ) നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്ക വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ സെക്രട്ടറി നോട്ടീസു മൂലം ആവശ്യപ്പെടാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം. 1/09.02.2022) മറുപടിയിൽ, സെക്രട്ടറി ഇപ്രകാരം രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കി.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ഏതൊരു കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും കൈവശക്കാരനോടും നികുതിയ്ക്ക് വിധേയരായവരുടെ ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് 205C പ്രകാരം സെക്രട്ടറിയ്ക്ക് ഏതൊരു തൊഴിലുടമയോടും അയാളുടെയും അവിടെ തൊഴിലെടുക്കുന്ന എല്ലാവരുടെയും വിവരങ്ങളടങ്ങിയ ലിസ്റ്റ് ജീവനക്കാരുടെ ശമ്പള/വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട വൻതുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ബി) റേഷൻ കടകൾ ക്ഷീരസംഘങ്ങൾ അക്ഷയകേന്ദ്രങ്ങൾ എന്നിവങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള 3 ക്ഷീരസംഘങ്ങളിൽ (ആലംതുരുത്തി KUCS, മേപ്രാൽ KUCS, ചാത്തങ്കേരി KUCS) ആലംതുരുത്തി KUCS മാത്രമേ 2019-20-ൽ (ഒന്നാം അർദ്ധ വർഷത്തിലെ മാത്രം) തൊഴിൽ നികുതി അടവാക്കിയിട്ടുള്ളൂ. ബാക്കി ക്ഷീരസംഘങ്ങളിലെയും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന 12 റേഷൻ കടകളിലെയും 2 അക്ഷയകേന്ദ്രങ്ങളിലെയും ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഇതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.1/09.02.2022) തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലേക്കായി ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

(സി) മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

സാമ്പത്തിക വർഷം പഞ്ചായത്തിലെ മരാമത്ത് പണികൾ ഏറ്റെടുത്ത കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേരു വിവരങ്ങൾ |
|---|---|
| 1. | മൺസൺ ഐസക് |
| 2. | സി.വി. മാത്യു |
| 3. | ജയൻ റ്റി.ജെ. |

| | |
|---|---|
| 4. | ജോർജ്ജ് വി. മാത്യു |
| 5. | ബിനോയിൽ വി.പി. |
| 6. | ബിനിൽ റ്റി. |
| 7. | സന്തോഷ് കുമാർ കെ.എ. |
| 8. | വർഗീസ് കെ.റ്റി. |
| 9. | മാത്യു വർഗ്ഗീസ് |
| 10. | ബിനോജ് വി. തോമസ് |
| 11. | സഞ്ചു ജി. |
| 12. | മനോജ് ജോസഫ് |
| 13. | സജീവ് ആർ നായർ |

ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

(ഡി) തൊഴിൽ നികുതി അസ്സസ്സ് ചെയ്ത് ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച

പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായ തൊഴിൽ നികുതി അസ്സസ്സ് ചെയ്ത് ഡിമാന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള പിരിവ് പോലും പൂർണമല്ല. ഓഡിറ്റ് വർഷം 61 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിൽ ഭൂരിപക്ഷവും സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളാണ്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|---|
| 1. | J&J ഇലക്ട്രിക്കൽസ്, പെരുംഉരുത്തി | അടവാക്കിയിട്ടില്ല | 9 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി (₹5950) |
| 2. | എസ്.എസ്. ഹ്യുണ്ടായി | അടവാക്കിയിട്ടില്ല | 10 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി (₹7500) |
| 3. | മണലാടി ഫ്യുവൽസ് | അടവാക്കിയിട്ടില്ല | 4 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കി (₹1200) |

മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനെ തുടർന്ന് മണലാടി ഫ്യുവൽസ് എന്ന സ്ഥാപനത്തിലെ 4 ജീവനക്കാരുടെയും തൊഴിൽ നികുതി 5850 രൂപ രസീത് നം.121010105688 പ്രകാരം 17.02.2022-ൽ അടവാക്കി. മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, ഈടാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ ലഭ്യമാക്കാമെന്നുമുള്ള വിവരമാണ് നൽകിയിരിക്കുന്നത്.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ വ്യക്തി/സ്ഥാപനങ്ങളിൽ നിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1. ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തുകളിൽ ഫാക്ടറികൾക്കും, വ്യവസായങ്ങൾക്കും, വ്യവസായ സ്ഥാപനങ്ങൾക്കും അനുമതി

നൽകുന്നതുമായി ബന്ധപ്പെട്ട് 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 232-ൽ ടി സ്ഥാപനങ്ങളെ 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. എന്നാൽ 2018-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് അനുസരിച്ച് പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 -ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്നതിന് പകരം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് മാറ്റം വരുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്ന് മാറ്റി 31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ പ്രകാരം ഭേദഗതി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചതായി കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല.

2. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.ആയതിനാൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, സർക്കുലറുകളും, ചട്ട ഭേദഗതികളും സമയബന്ധിതമായി നടപ്പാക്കുന്നതിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

2. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനും ഉറവിട മാലിന്യ സംസ്കരണത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

2016 -ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണത്തിനായി വ്യാപാരം/വ്യവസായം ആരംഭിക്കുമ്പോൾ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉത്പാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ ചെയ്യുന്നില്ല എന്ന സത്യവാങ്മൂലം ലൈസൻസിയിൽ നിന്നും വാങ്ങുന്നുണ്ടെങ്കിലും ആയത് ഫലപ്രദമായി നടപ്പാക്കുന്നില്ല. സർക്കുലർ നം.576/ഡിസി 1/16/തസ്വഭവ തിയതി 24-09-2016 പ്രകാരം ഇതിൽ തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ.ഉ(സാ.ധാ)നം.2511/2017/ത.സ്വ.ഭ.വ തീയതി 22-07-2017 പ്രകാരം, നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളിൽ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.
തുടർ വർഷങ്ങളിൽ പുതുതായി ലൈസൻസ് അനുവദിക്കുമ്പോൾ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. എല്ലാ വ്യാപാര സ്ഥാപനങ്ങളും വ്യാപാര ലൈസൻസ് എടുക്കുന്നില്ല

വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷം 308 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നു. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടേയും പട്ടിക തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നതിനു പകരം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം ഡിമാന്റിലുൾപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചുപോരുന്നത്. ആയതിന് അനുസൃതമായാണ് വാർഷിക കണക്കിലും ഡിമാന്റ് ഉൾപ്പെടുത്തുന്നത്. ഇത് ശരിയായ പ്രവണതയല്ല. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ അപകടം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(എ) റേഷൻ റീട്ടെയിൽ ഡിപ്പോകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല.

ടി റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്ത് പരിധിയിൽ 3 ക്ഷീരോല്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ക്ഷീരോല്പാദക സംഘങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ അടിയന്തിരമായി ഈടാക്കേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-13 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം 27215715 രൂപ വകയിരുത്തി 103 പ്രോജക്റ്റുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 34 പ്രവൃത്തികൾ സ്പിൽ ഓവറും 69 എണ്ണം തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തിയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 46 എണ്ണം ഭാഗീകമായി/പൂർണ്ണമായി പൂർത്തീകരിച്ചുവെങ്കിലും 32 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളു. 29-02-2020 മുതൽ 29-03-20 വരെ സമർപ്പിച്ച 14 പ്രവൃത്തികളുടെ 14 ബിൽ (ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളത് സഹിതം) തൻ വർഷം മാറി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 57പ്രവൃത്തികൾ നടപ്പാക്കിയില്ല. ഏറ്റെടുക്കുന്ന പ്രവൃത്തികൾ പ്രവർത്തന കലണ്ടർ അനുസരിച്ച് സമയബന്ധിതമായി നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല.

മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ കാലാവധി ദീർഘിപ്പിച്ച് നൽകിയും അല്ലാതെയും പദ്ധതി പ്രവർത്തനം നീട്ടിക്കൊണ്ടുപോകുകയും മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് കൂടുതൽ ബില്ലുകൾ സമർപ്പിക്കുകയും ട്രഷറി നിയന്ത്രണം മൂലം ക്യൂവിലാവുകയും തുക ചെലവഴിക്കാൻ കഴിയാതെ വരുകയും ചെയ്യുന്നു. മുൻ വർഷങ്ങളിൽ ഈ അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടും ആയതിന് പരിഹാര നടപടികൾ ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (06/14-02-22) ലഭ്യമാക്കിയ മറുപടിയിൽ, കുട്ടനാടിന് സമാനമായ ഭൂപ്രകൃതിയാണ് പെരിങ്ങര ഗ്രാമപഞ്ചായത്തിലെ മിക്ക വാർഡുകൾക്കുമുള്ളതെന്നും താഴ്ന്ന പ്രദേശങ്ങൾ ആയതിനാൽ മഴ മാറിയാലും വെള്ളക്കെട്ടുകൾ പൂർണ്ണമായി ഇറങ്ങിയാൽ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനും സാധിക്കുയുള്ളുവെന്നും അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. കാർഷിക മേഖല കൂടുതലുള്ള പ്രദേശമായതിനാൽ സംരക്ഷണ ഭിത്തിപോലുള്ള പ്രവൃത്തികൾ പലപ്പോഴും വിളവിറക്കലിനേയും വിളവെടുപ്പിനേയും ആശ്രയിച്ചിരിക്കുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കി. നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനിയർ അവധിയിൽ പ്രവേശിക്കുകയും മറ്റൊരു പഞ്ചായത്തിലെ എഞ്ചിനിയർക്ക് ചാർജ് നൽകുകയും ഉണ്ടായി. 2019 നവംബർ 29 ന് പുതിയ അസിസ്റ്റന്റ് എഞ്ചിനിയർ ചാർജെടുത്ത് പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും സമർപ്പിച്ച ബില്ലുകൾ ക്യൂവിൽപ്പെട്ട് പോയതിനാലും 2020 മാർച്ച് മുതൽ കോവിഡ് ലോക്ക് ഡൗൺ ആരംഭിച്ചതിനാലും പല പ്രവൃത്തികളും പൂർത്തിയാക്കുവാനും ബിൽ തയ്യാറാക്കുവാനും സാധ്യമായില്ലെന്നും അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. സാങ്കേതിക വിഭാഗം ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ അംഗീകരിക്കത്തക്കതാണെങ്കിലും, തൻവർഷം ലഭിച്ച തുക അതേ വർഷം തന്നെ ചെലവഴിക്കാത്ത പക്ഷം ആയത് നഷ്ടപ്പെടുന്നതാണ്. ആയതിനാൽ പ്രവർത്തികൾ സ്പിൽ ഓവറായി നടപ്പാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി വാർഷിക പദ്ധതി യഥാസമയം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിലൂടെയും മോണിട്ടറിംഗ് സമിതിയുടെ യഥാസമയത്തുള്ള ഇടപെടലിലൂടെയും ഇത് ഒഴിവാക്കാൻ കഴിയും എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-14 സ്കൂൾ മേൽക്കൂരയിൽ നിന്നും ഇളക്കി മാറ്റിയ പഴയ കഴുക്കോൽ, പട്ടിക,ഓട് എന്നിവ ലേലം ചെയ്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 495000 രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി 2018-19ൽ ആവിഷ്ക്കരിച്ച് സ്പിൽ ഓവറായി നടപ്പാക്കിയ ഇടിഞ്ഞില്ലം ഗവ.എൽ.പി.എസ് മെയിന്റനൻസ് (149/19, 135/20) എന്ന പദ്ധതിയുടെ ഭാഗമായി പഴയ മേൽക്കൂര പൊളിച്ച് മാറ്റി ഗാൽവനൈസ്ഡ് അയൺ ഷീറ്റ് ഉപയോഗിച്ച് പുതിയ മേൽക്കൂര ചെയ്തുവെങ്കിലും പഴയ കഴക്കോൽ, പട്ടിക, ഓട് എന്നിവ സ്കൂൾ പരിസരത്ത് സൂക്ഷിച്ചിട്ടുള്ളത് ലേലം ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനിയർ സെക്രട്ടറിക്ക് 09-10-2019 ൽ റിപ്പോർട്ട് ചെയ്തതിന്മേൽ ലേല നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

495000 രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത മെയിന്റനൻസ് പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 12.99% കുറവിൽ ക്വോട്ട് ചെയ്ത ശ്രീ. അനിൽ.വി.വർഗ്ഗീസ് എന്ന കരാറുകാരൻ 08-03-19 ൽ കരാർ ചമച്ച് ഏറ്റെടുക്കുകയും 23-09-2019 ൽ പൂർത്തീകരിക്കുകയും ചെയ്തു. അളവ് പുസ്തകം 47/2018-19 പ്രകാരം പ്രവൃത്തിമൂല്യം 485504.62 രൂപ കണക്കാക്കി 12.99% ടെണ്ടർ കുറവ് കിഴിച്ച് 422438 രൂപയായി നിജപ്പെടുത്തി നികുതികളുൾപ്പെടെ അത്രയും രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.1905075200850098 7029/24-12-19).

ടി പ്രവൃത്തിയുടെ ഭാഗമായി പഴയ മേൽക്കൂര പൊളിച്ചു മാറ്റിയതിന്റെ അളവ് താഴെപ്പറയും പ്രകാരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ഇനം | അളവ് |
|---|---|
| ഇനം (1)<br>Dismantling Wood Work In Frames,trusses,purlins And Raffers Up To 10m Span & 5m Height.....<br>ഇനം (2)<br>Dismantling Tiled Roofing With Battens, Boarding Etc. Complete Including Stacking Of Serviceable Material And Disposal Of Unserviceable Material Within 50 Meters Lead. | 704.88 M Ltd To 264.375 M<br>264.375 M2 |

അസിസ്റ്റന്റ് എഞ്ചിനിയറുടെ സർവ്വേ റിപ്പോർട്ട് അനുസരിച്ച് പൊളിച്ചു മാറ്റിയ പഴയ മേച്ചിൽ ഓടിന്റെ 75% ഉപയോഗ യോഗ്യമായിട്ടുള്ളത് 5790 എണ്ണവും കമത്തോടിന്റെ 30% ഉപയോഗ യോഗ്യമായിട്ടുള്ളത് 35 എണ്ണവുമാണ്. ആയതിന്റെ മൂല്യം യഥാക്രമം 11580 രൂപയും 175 രൂപയും കണക്കാക്കിയിട്ടുണ്ട്. പഴയ തടി ഉരുപ്പടികളുടെ മൂല്യം രണ്ടായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇനം (A) ആയി കാണിച്ചിട്ടുള്ള 2.1984 ക്യു.മീറ്ററിന് 81560.64 രൂപയും (@37100/m3) ഇനം (B) ആയി കാണിച്ചിട്ടുള്ള 0.2085 ക്യു.മീറ്ററിന് 5838 രൂപയും (@28000/m3) കണക്കാക്കിയിട്ടുണ്ട്. ആകെ മൂല്യം 99153.64 രൂപയാണ്. സർവ്വേ റിപ്പോർട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അംഗീകരിച്ച് മേലൊപ്പ് ചാർത്തിയിട്ടില്ല. ടി പഴയ കഴക്കോൽ, പട്ടിക, ഓട് എന്നിവ സ്കൂൾ സൈററിൽ സൂക്ഷിച്ചിട്ടുള്ളത് നാളിതുവരെ ലേലം നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (16/23-02-22) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ടി സാമഗ്രികൾ ലേലം ചെയ്യുന്നതിന് സെക്രട്ടറി അടിയന്തിര നടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 നിശ്ചിത സമയ പരിധി കഴിഞ്ഞ് എഗ്രിമെന്റ് വച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം കരാറുകാർ മുഖേന സ്പിൽ ഓവർ ഉൾപ്പെടെ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപയും മാക്സിമം 25000 രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ | സെലക്ഷൻ നോട്ടീസ്/കൈപ്പറ്റിയ തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഇടിഞ്ഞില്ലം ഗവ.എൽ.പി.എസ് മെയിന്റനൻസ് (149/19, 132/20)<br>കരാറുകാരൻ : അനിൽ.വി.വർഗ്ഗീസ്<br>PAC തുക : 494688<br>ഫൈനൽ ബിൽ നം./തീയതി /തുക<br>190507520085000987029/24-12-19<br>422438 | 08-02-18 | 08-03-19 | 4947 |
| 2 | കാരുർപടി റോഡ് സൈഡ് സംരക്ഷണ ഭിത്തി (42/19, 112/20)<br>കരാറുകാരൻ : D.ബൈജു<br>PAC തുക : 199838<br>ഫൈനൽ ബിൽ നം./തീയതി /തുക<br>8/19-20/13-05-19<br>170759 | 04-10-18 | 08-11-18 | 1998 |
| | ആകെ | | | 6945 |

പിഴ ചുമത്താതെ ടി കരാറുകാരെ ക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/24-02-22) അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് പ്രസ്തുത പിഴയിനത്തിലുള്ള നഷ്ടം ഈടാക്കുന്നതാണെന്നും ഇക്കാര്യത്തിൽ മേലിൽ വീഴ്ച്ച വരുത്താതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ടി തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 കാലി ബാരൽ വിലയും ജി.എസ്.ടിയും ബന്ധപ്പെട്ട കരാറുകാർ തിരികെ ഒടുക്കി

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനം റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയും ആയതിന്റെ ജി.എസ്.ടിയും കണക്കാക്കി ഈടാക്കിയിരുന്നില്ല. MORD സ്പെസിഫിക്കേഷൻ അനുസരിച്ച് പായ്ക്കഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ കരാറുകാരൻ നേരിട്ട് ടാർ വാങ്ങിയാൽത്തന്നെയും കാലി ബാരൽ തദ്ദേശ സ്ഥാപനത്തിലേക്ക് തിരിച്ച് ഏൽപ്പിക്കുന്നതിന് ബാധ്യസ്ഥനാണ്. ബാരൽ തിരിച്ചേൽപ്പിക്കാത്ത സാഹചര്യത്തിൽ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരൽ വിലയായി ബാരലൊന്നിന് 238 രൂപ നിരക്കിലും ആയതിന്റെ ജി.എസ്.ടി 18% നിരക്കിലും കണക്കാക്കി ഈടാക്കുകയാണ് വേണ്ടത്. എന്നാൽ താഴെപ്പറയുന്ന റീടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിനും ബിറ്റുമിൻ എമൽഷനും അനുസൃതമായി കാലി ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയിട്ടില്ലാത്ത വിവരം ഓഡിറ്റ് എൻക്വയറി (15/21-02-22) മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കരാറുകാർ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ വിശദാംശം | കാലി ബാരലിന്റെ എണ്ണം | ഈടാക്കേണ്ടിയിരുന്ന ബാരൽ വില @238/ E + 18% GST | റിമാർക്സ് |
|---|---|---|---|---|
| 1. | ഇടിഞ്ഞില്ലം MC റോഡ് കമ്പനി റോഡ് റീടാറിംഗ് (35/19, 123/20)<br>അടങ്കൽ തുക: 375000 (MG Road)<br>കരാറുകാരൻ : സി.വി.മാത്യു<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19050752008500378744/24-07-19<br>373035 | 19 | 4522+814= 5336 | 12010105738/22-02-22 ാം നം. രസീത് പ്രകാരം തുക ഒടുക്കി |

| | | | | |
|---|---|---|---|---|
| 2. | കാട്ടൂർ പടി മിനി സ്റ്റേഡിയം പുത്തൻ തോട് റോഡ് റീടാറിംഗ്(146/19, 130/20)<br>അടങ്കൽ തുക: 430000(MG Road)<br>കരാറുകാരൻ : വർഗ്ഗീസ്.K.T<br>ഫൈനൽ ബിൽ നം./ തീയതി/തുക:<br>19050752008500383069/25-07-19<br>425794 | 17 | 4046+728=<br>4774 | 2010105743/23-02-22 ാം നം. രസീത് പ്രകാരം തുക ഒടുക്കി |

പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ള ടി തുകയിൽ നിന്നും 8568 രൂപ സഞ്ചിത നിധിയിലേക്കും 1542 രൂപ ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്ക് വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99% തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കടപ്ര ഗ്രാമ പഞ്ചായത്തിൽ 2019-20, 20-21 വർഷങ്ങളിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക ഒടുക്കിയിട്ടുള്ളത്. ആയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/10-02-2022) ലഭ്യമാക്കിയ മറുപടിയിൽ ക്ഷേമ നിധി വിഹിതത്തിൽ നിന്നും ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് ഒടുക്കുന്നത് സംബന്ധിച്ച ശ്രദ്ധയിൽപ്പെട്ടിരുന്നില്ലായെന്നും 2021-22 മുതൽ കളക്ഷൻ ചാർജ് ഈടാക്കി വരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചു. ടി വർഷങ്ങളിൽ കളക്ഷൻ ചാർജ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് അർഹമായ തുക കണക്കാക്കി ക്ഷേമ നിധി ബോർഡിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 പൊതു ടാപ്പുകളുടെ വെള്ളക്കരം - പഞ്ചായത്തിന് പ്രതിവർഷ ബാദ്ധ്യത 18.92ലക്ഷം രൂപ

ഗ്രാമപഞ്ചായത്ത് 364 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ഓരോ മാസവും 1,59,250 രൂപ ഒടുക്കി വരുന്നുണ്ട്. ഈയിനത്തിലുള്ള 2019-20 വർഷത്തെ ആകെ ചെലവ് 18,92,554 രൂപയാണ്. പൊതു ടാപ്പുകളുടെ എണ്ണത്തിന്റെ കൃത്യതയും പ്രവർത്തനക്ഷമമല്ലാത്തവയുടെ എണ്ണവും ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാർഡ് തിരിച്ചുള്ള കണക്ക് ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല. അതേ സമയം സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയതിനാൽ ഈ ഇനത്തിലുള്ള വാർഷിക ചെലവ് 5,82,748 രൂപ മാത്രമാണ്.

ജലജീവൻ പദ്ധതിയിലുൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനാൽ പൊതു ടാപ്പുകളെ ആശ്രയിക്കുന്ന ഒരു പ്രദേശത്തെ കുടുംബങ്ങൾക്കെല്ലാം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായെന്ന് ഉറപ്പാക്കിയതിനു ശേഷം പൊതു ടാപ്പ് നിർത്തലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനു ശേഷം സംയുക്ത പരിശോധന നടത്തുവാൻ നിർദ്ദേശിച്ചിരുന്നു. കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കേണ്ടതില്ല. മറ്റുള്ള സ്ഥലങ്ങളിൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാ)നം.1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതു ടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത

ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ഗൗരവമുള്ള ഈ വിഷയം എക്സിറ്റ് മീറ്റിംഗ് വേളയിൽ അവതരിപ്പിച്ചപ്പോൾ നിലവിൽ പഞ്ചായത്തിൽ പ്രവർത്തന ക്ഷമമായ 57 പൈപ്പുകൾ മാത്രമേയുള്ളുവെന്നും എല്ലാ വർഷവും പ്രളയക്കെടുതി അതിതീവ്രമായി ബാധിക്കുന്ന ഈ പഞ്ചായത്തിലെ കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റി സ്ഥാപിച്ച പൈപ്പുകൾ പൂർണ്ണമായും നശിച്ചുപോയെന്നും ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. നാളിതുവരെയായിട്ടും സംയുക്ത പരിശോധന നടത്താതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.7/15.02.2022) ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുന്നതിന് നിരവധി തവണ കത്ത് നൽകിയിരുന്നെങ്കിലും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും യാതൊരു അനുകൂല നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ലാന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 21/2/19-ലെ ഡി.എ1/17/19/ത.സ്വ.ഭ.വ നമ്പർ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പ്രവർത്തനക്ഷമമല്ലാത്തവയുടെ വെള്ളക്കരം കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പൊതു ടാപ്പുകളെ ആശ്രയിക്കുന്ന ഒരു പ്രദേശത്തെ കുടുംബങ്ങൾക്കെല്ലാം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമായെന്ന് ഉറപ്പാക്കിയതിനു ശേഷം പൊതു ടാപ്പ് നിർത്തലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

4. പൊതു ടാപ്പുകളിലെ ജലം ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിഷയം ചർച്ച ചെയ്ത് ആവശ്യമായ തുടർനടപടികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ABC പ്രോഗ്രാം - പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് നടക്കുന്നില്ല

സെക്രട്ടറി നിർവ്വണം നടത്തിയ ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എസ്.0011/20) എന്ന പ്രോജക്ട് പ്രകാരം 1,00,000 രൂപ (വികസന ഫണ്ട് (ജനറൽ) - ബിൽ നം. 1905752007600328014/25.09.2021) കുടുംബശ്രീയുടെ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ പ്രോജക്ടിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | കുടുംബശ്രീ മിഷന് നൽകിയ തുക | വിനിയോഗിച്ച തുക |
|---|---|---|
| മുൻവർഷങ്ങളിലെ ബാലൻസ് തുക | 2600 | |
| 2019-20 ഗ്രാമപഞ്ചായത്ത് വിഹിതം | 1,00,000 | 98700 |
| ആകെ | 102600 | 98700 |

വിനിയോഗ സർട്ടിഫിക്കറ്റ്(നം.1813/P2/2017/Kshree Pta/27.04.2021) പ്രകാരം 2022 വർഷം 47 നായ്ക്കളെ പഞ്ചായത്ത് പരിധിയിൽ നിന്നും പിടിച്ച് വന്ധ്യംകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 98700 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത കണക്കുകൾ സംബന്ധിച്ച് പഞ്ചായത്തിൽ രേഖകൾ ഒന്നും തന്നെയില്ല. കണക്കിന്റെ ആധികാരികത വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തുകയോ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ച പ്രകാരം കുടുംബശ്രീ മുഖേന (സി.ഡി.എസ്) സോഷ്യൽ ഓഡിറ്റ് നടത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/2020-21 തീയതി: 16-02-2022) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം മാത്രം ഹാജരാക്കുകയുണ്ടായി. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കേണ്ടതും അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കേണ്ടതും 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6(1) പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. വർഷാവർഷം തുക നൽകുന്നതിനപ്പുറം പ്രോജക്ടിന്റെ മോണിട്ടറിംഗ് പഞ്ചായത്ത് തലത്തിൽ നടക്കുന്നില്ല. കുടുംബശ്രീയുടെ ജില്ലാ മിഷനാണ് പ്രോജക്ടിന്റെ നിർവ്വഹണമെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. കുടുംബശ്രീ സി.ഡി.എസ് മുഖേനയുള്ള സോഷ്യൽ ഓഡിറ്റിന്റെ അനിവാര്യതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. പദ്ധതിയുടെ തുടർവർഷ പ്രവർത്തനത്തിന് ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-20 നിക്ഷേപ പ്രവൃത്തികൾ - മോണിട്ടറിംഗ് ഫലപ്രദമല്ല

2019-20 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (S0014/20) | കേരള വാട്ടർ അതോറിറ്റി | 15,00,000 | 12,82,842 |
| 2 | 3-ാം വാർഡ്- തണങ്ങാട് കോളനിയിൽ പൈപ്പ്ലൈൻ വലിക്കൽ (S0151/20) | ,, | 77000 | |
| 3 | ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ്- വൈദ്യുതി ലൈൻ നീട്ടൽ (S0013/20) | കെ.എസ്.ഇ.ബി | 11,24,534 | 9,27,480 |

വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 15,77,000 രൂപയിൽ 12,82,842 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. 18-02-2022-ൽ 2,26,957 രൂപ തിരികെ ലഭിച്ചിട്ടുമുണ്ട്. 67,201 രൂപ കൂടി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുണ്ട്. ആയത് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കാറുണ്ടെങ്കിലും സ്ഥാപനവുമായി കരാറിൽ ഏർപ്പെടാറില്ല. തന്മൂലം നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ വന്നാൽ നിയമനടപടികൾ സ്വീകരിക്കാനും സാധിക്കുന്നില്ല. പ്രസ്തുത ഏജൻസികൾ ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം തുക നിക്ഷേപിക്കുക മാത്രമാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടക്രമം.

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെടുകയോ, പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യാറില്ല.

2019-20-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | തുക |
|---|---|---|
| 1 | കെ.എസ്.ഇ.ബി. | 42,09,102 |
| 2 | കേരള വാട്ടർ അതോറിറ്റി | 34,06,000 |

വിവിധ വർഷങ്ങളിൽ ഒടുക്കിയ തുകകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കി ബന്ധപ്പെട്ട ആസ്തി ഹെഡിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 ബാലസഭാ ഫണ്ട് ഉപയോഗിച്ച് അവാർഡ് വിതരണം നടത്തി

കുടുംബശ്രീ അംഗങ്ങളുടെ, പത്താം ക്ലാസ്സ് വിജയിച്ച കുട്ടികൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്നതിനായി വികസനഫണ്ടിൽനിന്നും 8000 രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ബാലസഭാ പ്രോജക്ട് (നം.09/2020) പ്രകാരം സി.ഡി.എസിനു കൈമാറിയ 50000 രൂപയിൽ നിന്നാണ് അവാർഡ് നൽകിയത്. ബാലസഭാ പ്രവർത്തനത്തിനു വേണ്ടിയുള്ള വികസനഫണ്ട് തുകയിൽനിന്നും ഇപ്രകാരം അവാർഡ് നൽകുന്നതിന് സർക്കാർ അനുവദിച്ചിട്ടില്ല. ബാലസഭയുടെ പ്രവർത്തനം സംബന്ധിച്ച കുടുംബശ്രീ മിഷൻ നിർദ്ദേശങ്ങളിലും ഇത് അനുവദിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്തതിന്റെയോ കമ്മറ്റി തീരുമാനം കൈക്കൊണ്ടതിന്റെയോ വിവരം ലഭ്യമല്ല. ഇപ്രകാരം അവാർഡ് നൽകുന്നതിന് സി.ഡി.എസിനെ ആര് ചുമതലപ്പെടുത്തി എന്നതും വ്യക്തമല്ല.

വികസനഫണ്ട് ചെലവഴിച്ച് അവാർഡ് വിതരണം നടത്തുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയിട്ടുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയോട് 15.02.2022 ൽ 9-ാം നമ്പർ

എൻക്വയറി മുഖേന ആരാഞ്ഞിരുന്നു. വിദ്യാഭ്യാസ അവാർഡ് നൽകുന്നതിന് 15.05.2019 ലെ സി.ഡി.എസ് യോഗമാണ് തീരുമാനിച്ചതെന്നും ഇത് തുടർന്നുള്ള പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്തിരുന്നെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കി. വികസനഫണ്ട് ഉപയോഗിച്ച് ക്യാഷ് അവാർഡ് നൽകാൻ പാടില്ലെന്ന് 14.02.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.22/2018/തസ്വഭവയുടെ ഖണ്ഡിക 5.7 നിഷ്കർഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. തനതു ഫണ്ടിൽ നിന്ന് തത്തുല്യമായ തുക, സി.ഡി.എസ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് പരിഹാര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1,00,000 | അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.0016/20) | 1,00,000 | -- |
| ,, | 11,187 | അങ്കണവാടി അനുപൂരക പോഷകാഹാരം (എസ്.0143/20) | 11,187 | |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 1,52,500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0022/20) | 1,52,500 | -- |
| ജില്ലാ പഞ്ചായത്ത് | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0022/20) | 2,00,000 | -- |
| ,, | 15618 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0025/20) | 15618 | |
| മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (എസ്.0025/20) | 2,00,000 | |
| ജില്ലാ പഞ്ചായത്ത് | 6,00,000 | സാന്ത്വന പരിചരണം (എസ്.0027/20) | 6,00,000 | |
| ,, | 4,00,000 | സുഫലം (എസ്.0145/20) | 4,00,000 | |

### 4-2 നിക്ഷേപ പ്രവൃത്തികൾ

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിൽ കുടിവെള്ള പൈപ്പ്‌ലൈൻ നീട്ടൽ (S0014/20) | കേരള വാട്ടർ അതോറിറ്റി | 15,00,000 | 12,82,842 |
| 2 | 3-ാം വാർഡ്- തണങ്ങാട് കോളനിയിൽ പൈപ്പ്‌ലൈൻ വലിക്കൽ (S0151/20) | ,, | 77000 | |
| 3 | ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റ് – വൈദ്യുതി ലൈൻ നീട്ടൽ (S0013/20) | കെ.എസ്.ഇ.ബി | 11,24,534 | 9,27,480 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻ വർഷം എടുത്ത വായ്പയിന്മേൽ, ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 4,89,719 | ഇല്ല | 4,89,719 | 2,05,882 | -- | 2,83,837 |

തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന ലോൺ തുക, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി വ്യത്യാസമുണ്ട്. ലോൺ തിരിച്ചടവിലേക്കായി സ്രോതസ്സിൽ കുറവ് ചെയ്ത 2,05,882 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2009-10 | 2-1 | ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | പരാമർശം നിലനിൽക്കുന്നു |
| 2009-10 | 3-4(1), 4(2), 4(3), 4(4), 4(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 67917637 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44066657 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര – സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും, തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1. | 1999-00 | എൽ.എഫ്.പി.റ്റി.എ.പി.4- 198/03 തീയതി 16.08.03/12.12.04 | 3-35, 3-36, 3-38, 3-40, 3-41, 3-43 |
| 2. | 2000-01 | എൽ.എഫ്.പി.റ്റി.എ.പി.4- 199/03 തീയതി 08.10.2004 | 3-61, 3-65, 3-67, 3-68 |
| 3. | 2001-02 | എൽ.എഫ്.പി.റ്റി.എ.പി.4- 687/03 തീയതി 05.04.02/02.08.04 | 1-5 |
| 4. | 2002-03 | എൽ.എഫ്.പി.റ്റി.എ.പി.4- 686/03 തീയതി 13.11.06/26.03.07 | 10, 11, 12, 13, 14, 3(ഡി) |
| 5. | 2003-04(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.5- 917/07 തീയതി 312.03.08/15.05.08 | 2-1, 2-3, 2-4(1), 2-9 |
| 6. | 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6- 781/08 തീയതി 30.06.09 | 2-2, 3-1, 3-4, 3-5, 3-7, 3-8 |
| 7. | 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6- 780/08 തീയതി 22.06.09 | 2-2, 3-1, 3-3, 3-4, 3-5(1), 3-5(2), 3-6, 3-8, 3-9, 3-10 |

| ക്രമ നം. | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും, തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 8. | 2007-08 | എൽ.എഫ്.പി.റ്റി.എ.പി.6- 472/09 തീയതി 04.08.09 | 2-3, 2-4, 3-4, 3-5, 3-6, 3-7, 3-10, 3-11, 3-12, 3-13, 3-15, 3-18 |
| 9.. | 2008-09 | എൽ.എഫ്.പി.റ്റി.എ.പി.6- 145/11 തീയതി 05.08.11 | 2-1, 2-2, 2-7, 2-7(2), 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 |
| 10. | 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി.11- 425/13 തീയതി 11.09.13/03.05/14 | 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 11. | 2011-12 | എൽ.എഫ്.പി.റ്റി.എ.പി.11 – 426/13 തീയതി 11.09.13/03.05/14 | 1-1, 2-3(എ), 2-3(ബി), 3-1, 3-2(ബി), 3-4(2), 3-9, 3-11 |
| 12. | 2012-13 | എൽ.എഫ്.പി.റ്റി.എ.പി.4- 1053/14 തീയതി 16.01.15/09.02.15 | 2-2,3-1,3-4,3-5,3-7,3-8 |
| 13. | 2013-14, 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.4-1123/15 തീയതി 04.12.15/08.12.15 | 2-2, 2-3, 2-4, 2-5, 2-6, 3-5(1), 3-5(2), 3-11 |
| 14. | 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.4-1380/2016 തീയതി 12.01.2017 | 1-4, 2-1, 2-2, 2-3, 2-5, 2-6, 2-7, 3-1, 3-2, 3-5, 3-7, 3-10, 3-11, 3-12, 3-13, 3-15(1),(2), 3-16, 3-17, 3-18, 3-19 |
| 15. | 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.4- 824/17 തീയതി 04.08.2017 | 2-2, 3-2, 3-5, 3-6, 3-8(1), 3-8(2), 3-8(3), 3-8(4), 3-9, 3-10, 3-12 |
| 16. | 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.4- 99/19 തീയതി 20.02.2019 | 2-1, 2-2, 2-3, 3-2, 3-4, 3-5, 3-7 |
| 17. | 2018-19 | കെ.എസ്.എ.പി.റ്റി.എ പി.4- 715/19 തീയതി 08.08.2019 | 2-2, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-8, 3-9, 3-12, 3-13, 4-1, 4-7, 4-9, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്